55788
30/8/13

**കേരള സർക്കാർ**
**സംഗ്രഹം**

റവന്യൂ വകുപ്പ് - **"ഭൂരഹിതരില്ലാത്ത കേരളം പദ്ധതി-2015"**. - സോഫ്റ്റ് വെയർ മുഖേന ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് – മാനദണ്ഡങ്ങൾ സംബന്ധിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**റവന്യൂ(എ) വകുപ്പ്**

സ.ഉ. (കൈ.) നം. 354/ 2013 / റവന്യൂ തീയതി, തിരുവനന്തപുരം, 27.08.2013.

==========================================================

പരാമർശം : (1) 09.03.2013- ലെ സർക്കാർ കത്ത് നമ്പർ 20581 /എ 2/13/റവ.
(2) സർക്കാർ ഉത്തരവ് (സാധാ.) നം 4354/2013/റവ. തീയതി 31.07.2013
(3) ജോയിന്റ് കമ്മീഷണർ & സ്പെഷ്യൽ ഓഫീസറുടെ 27.08.2013 ലെ എൽ ആർ (ജെ) 10-27263/2013 നമ്പർ കത്ത്.

**ഉത്തരവ്**

2015-ാം ആണ്ടോടുകൂടി കേരളത്തെ ഭൂരഹിതരായ കുടുംബങ്ങൾ ഇല്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് **"ഭൂരഹിതരില്ലാത്ത കേരളം പദ്ധതി-2015"**. ആദ്യഘട്ടമെന്ന നിലയിൽ ഒരുലക്ഷം ഭൂരഹിതരായ കുടുംബങ്ങൾക്ക് 3 സെന്റ് ഭൂമി വീതം നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പ്രസ്തുത പദ്ധതിയിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ നിർദ്ദേശങ്ങൾ പരാമർശം (1) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ലഭ്യമായ അപേക്ഷകരിൽ നിന്നും അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി സിഡിറ്റുമായിച്ചേർന്ന് ഒരു സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിന് പരാമർശം (2) പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുമുണ്ട്. പ്രസ്തുത സോഫ്റ്റ്‌വെയർ മുഖാന്തിരം ഒന്നാംഘട്ട പട്ടയ വിതരണത്തിനായി ഗുണഭോക്താക്കളെയും പ്ലോട്ടുകളെയും തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ജോയിന്റ് കമ്മീഷണർ & സ്പെഷ്യൽ ഓഫീസർ, **"ഭൂരഹിതരില്ലാത്ത കേരളം പദ്ധതി-2015"** പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. **"ഭൂരഹിതരില്ലാത്ത കേരളം പദ്ധതി-2015"** ഒന്നാംഘട്ട പട്ടയ വിതരണത്തിനുള്ള ഗുണഭോക്താക്കളെ നിർണ്ണയിക്കുന്നതിനും പ്ലോട്ടുകൾ അനുവദിക്കുന്നതിനുമായി താഴെപ്പറയുന്ന മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവ് നൽകുന്നു :-

I. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് താഴെപ്പറയുന്ന മുൻഗണന പ്രകാരം മാത്രം അപേക്ഷകരെ പരിഗണിക്കേണ്ടതാണ്;

(i) ജോലിചെയ്ത് നിത്യവൃത്തിക്ക് പോലും പണം കണ്ടെത്താൻ കഴിയാത്ത അഗതികൾ.

(ii) ക്യാൻസർ, ഹൃദ്രോഗം, വൃക്ക രോഗം, തളർവാതം തുടങ്ങിയ മാരകരോഗങ്ങൾ കൊണ്ട് അവശത അനുഭവിക്കുന്ന കുടുംബാംഗങ്ങളുള്ള ഗുണഭോക്താക്കൾ.

(iii) 50% ത്തിലേറെ അംഗവൈകല്യമുള്ളവർ.

(iv) വിധവകളും വിവാഹബന്ധം വേർപെടുത്തിയ വനിതകളും.

(v) പട്ടികജാതിക്കാരായ ഗുണഭോക്താക്കളുടെ എണ്ണം 25%- ൽ കുറയരുത്.

II. ഓരോ ജില്ലയിലെയും ഗുണഭോക്താക്കളുടെ മുൻഗണനാക്രമം അനുസരിച്ചുള്ള പട്ടിക ജില്ലാ കളക്ടർമാർ നറുക്കിട്ടെടുക്കേണ്ടതാണ്. ബന്ധപ്പെട്ട എം.പി.മാർ, എം.എൽ.എ.മാർ, ജില്ലാ/ബ്ലോക്ക്/പഞ്ചായത്ത് പ്രസിഡന്റുമാർ, മുനിസിപ്പൽ കോർപ്പറേഷൻ മേയർമാർ മുനിസിപ്പൽ ചെയർമാൻമാർ, തുടങ്ങിയവരുടെ സാന്നിദ്ധ്യം പ്രസ്തുത ചടങ്ങിൽ ഉറപ്പുവരുത്തേണ്ടതാണ്. ഓരോ വില്ലേജിനുവേണ്ടിയും ഇപ്രകാരം ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. പ്ലോട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് ലിസ്റ്റുകളിൽ നിന്നും ഘട്ടംഘട്ടമായി പട്ടയ വിതരണം നടത്തേണ്ടതാണ്.

III. പ്രസ്തുത മുൻഗണനാക്രമം പാലിച്ചുകൊണ്ട് വില്ലേജ് തലത്തിൽ പട്ടയ വിതരണത്തിനു ശേഷം മിച്ചം വരുന്ന ഭൂമി താലൂക്ക് തല വിതരണത്തിനും, താലൂക്ക്തല പട്ടയ വിതരണത്തിന് ശേഷം മിച്ചം വരുന്ന ഭൂമി ജില്ലാതല വിതരണത്തിനായും യഥാക്രമം മാറ്റിവയ്ക്കേണ്ടതാണ്. ഇപ്രകാരം ജില്ലകളിലെ ഭൂമി വിതരണത്തിനു ശേഷം ബാക്കി വരുന്ന ഭൂമി ലഭ്യമാകുന്ന പക്ഷം മറ്റ് ജില്ലകളിലെ ഗുണഭോക്താക്കൾക്ക് നൽകേണ്ടതാണ്.

(3) ജോയിന്റ് കമ്മീഷണർ & സ്പെഷ്യൽ ഓഫീസർ, **"ഭൂരഹിതരില്ലാത്ത കേരളം പദ്ധതി-2015"**, ഡയറക്ടർ സർവ്വെ ആന്റ് ലാന്റ് റെക്കോർഡ്സ് എന്നിവർ ഇക്കാര്യത്തിൽ സത്വരമായ അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ടി.വി.വിജയകുമാർ**
**അഡീഷണൽ സെക്രട്ടറി**

1. ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
2. ജോയിന്റ്കമ്മീഷണർ & സ്പെഷ്യൽ ഓഫീസർ
   സീറോ ലാന്റ് ലെസ് പ്രോജക്ട് 2015, തിരുവനന്തപുരം.
3. ഡയറക്ടർ, സർവ്വേ & ലാന്റ് റിക്കോർഡ്സ്, തിരുവനന്തപുരം.
4. എല്ലാ ജില്ലാ കളക്ടർമാർക്കും.
5. അസിസ്റ്റന്റ് കമ്മീഷ്ണർ (ലാന്റ് അസൈൻമെന്റ്) & സ്പെഷ്യൽ ഓഫീസർ, കേരള സ്റ്റേറ്റ് ലാന്റ് ബാങ്ക്, തിരുവനന്തപുരം.
6. ഡയറക്ടർ, സി-ഡിറ്റ്, തിരുവനന്തപുരം.
7. വിവരസാങ്കേതിക വകുപ്പ്.
8. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Rajeev

സെക്ഷൻ ഓഫീസർ